എൽ.എഫ്.കെ.പി.9/771/15 തീയതി: 3.8.15

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം പതിമൂന്നാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ. വർഗ്ഗീസ് ജോസഫ് , ഡെപ്യൂട്ടി ഡയറക്ടർ
അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	LFKP 14/GP- 60 /2013 തീയതി.31.12.2014

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2013-14സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കി.

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 14/05/2014 മുതൽ 09.06.2015വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് വിനിയോഗിച്ച സമയം	ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും
10.06.15 മുതൽ 20.06.15 വരെ	ശ്രീ.ഷൈജു,എസ്.ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) ശ്രീമതി.സുലത.ഡി,അസി.ഓഡിറ്റ് ഓഫീസർ ശ്രീമതി.സ്മിത.ജി.നായർ, അസി.ഓഡിറ്റ് ഓഫീസർ ശ്രീ.മനു.എം. , സീനി.ഗ്രേഡ് ഓഡിറ്റർ ശ്രീമതി.ഷീല വി. ആർ , ഓഡിറ്റർ

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീമതി. സെലീനാമ്മ ജോർജ്ജ് (01-04-13 മുതൽ 31-03-14 വരെ)
സെക്രട്ടറി	ശ്രീ. രാജേഷ്.റ്റി.വർഗ്ഗീസ് (01-04-13 മുതൽ 31-03-1 4വരെ)

സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ

വികസനകാര്യം	ശ്രീമതി. എസ്.വിജയകുമാരി1`
ക്ഷേമ കാര്യം	ശ്രീ .പി.പി.കലേശൻ
ആരോഗ്യ വിദ്യാഭ്യാസം	ശ്രീമതി. ഹാജിറാ ബീവി
ധനകാര്യം	ശ്രീ .റ്റി.എൻ.സുരേന്ദ്രൻ

നിർവ്വഹണോദ്യോഗസ്ഥർ

സെക്രട്ടറി.	ശ്രീ.രാജേഷ്.റ്റി.വർഗീസ് (01-04-13 മുതൽ 31-03-1 4വരെ)
അസിസ്റ്റന്റ്എഞ്ചിനിയർ.	ശ്രീ.റോസിലി ജോസഫ്(01-04-13 മുതൽ 31-03-1 4വരെ)
അഗ്രിക്കൾച്ചർ ഓഫിസർ.	ശ്രീ.പ്രദീപ് കുമാർ(01-04-13 മുതൽ 31-03-1 4വരെ)
വി.ഇ.ഒ.	ശ്രീ മനോജ് മുകുന്ദൻ(01-04-13 മുതൽ 31-03-1 4വരെ)
എം.ഒ.ഹോമിയോ	ഡോ.കെ.ജെ.ഓമന (01-04-13 മുതൽ 31-03-1 4വരെ)
വെറ്ററിനറി സർജൻ.	ഡോ.മഞ്ജു സെബാസ്റ്റ്യൻ(01-04-13 മുതൽ 31-03-1 4വരെ)
ഐ.സി.ഡി.എസ്. സൂപ്പർവൈസർ.	ശ്രീമതി.ശോഭന(01-04-13 മുതൽ 31-03-1 4വരെ)
എച്ച്.എം.,ഗവ. എൽ.പി.എസ്	ശ്രീമതി.സുധാമണി01-04-13 മുതൽ 31-03-1 4വരെ)
എം.ഒ. , പി .എച്ച്.സി	ഡോ.രേണു (01-04-13 മുതൽ 31-03-1 4വരെ)

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിട്ടുള്ള വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ് .

ഭാഗം 1 : പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദേശങ്ങളും.

ഭാഗം 2 : വരവ് കണക്കുകളുടെ ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവിനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ , ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

ഭാഗം 3 : ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ , ഓഡിറ്റ് ശുപാർശകൾ.

ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില , ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. ബാലൻസ് ഷീറ്റ്

3. റെസീപ്റ്റ് & പേമെന്റ്അക്കൗണ്ട്

4. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്.

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

1-1 ബജറ്റ്

2013-14 വർഷത്തെ ബജറ്റ് 30.3.13ലെ 1 നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി പാസ്സാക്കിയിട്ടുണ്ട്.എന്നാൽ കേരള പഞ്ചായത്ത് രാജ് നിയമം 214- ാം വകുപ്പ് അനുശാസിക്കും പ്രകാരമുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് വിവിധ സെക്ഷനുകളിൽ നിന്നും മറ്റു സ്ഥിരം സമിതികളിൽ നിന്നും സെക്രട്ടറി ഉൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നുമുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചിരുന്നോ , എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണിച്ചത് ഏന്നുള്ള വിവരങ്ങൾ മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ബജറ്റ് പ്രകാരമുള്ള വരവ് - ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

പ്രാരംഭ ബാക്കി - 3401666 രൂപ

പ്രതീക്ഷിത വരവ്- 87307732 രൂപ

പ്രതീക്ഷിത ചെലവ്- 88354561രൂപ

പ്രതീക്ഷിത നീക്കിയിരിപ്പ്-2354837രൂപ

ഓഡിറ്റ് ചെയ്തകണക്കുകൾ പ്രകാരം പ്രാരംഭ ബാക്കി 15297940 രൂപയും സാമ്പത്തിക വർഷത്തെ ആകെ വരവ് 58318413 രൂപയും ആകെ ചെലവ് 57600893 രൂപയും നീക്കിയിരിപ്പ് 16015460 രൂപയുമാണ്.

1-2 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

പ്രധാനപ്പെട്ട വരവിനങ്ങളായ ഡി ആൻഡ് ഒ ട്രേഡ് ലൈസൻസ്, തൊഴിൽ നികുതി, വസ്തു നികുതി എന്നിവയുടെ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുകയും ഡി.സിബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

1-3 തനത് ഫണ്ട് ചെലവ് പരിശോധന

എസ്റ്റാബ്ളിഷ്മെന്റ് ചെലവുകളുടെ അനുബന്ധരേഖകളും ,രജിസ്ററുകളും- അക്വിറ്റൻസ് റോൾ, പേ ബിൽ രജിസ്ററർ എന്നിവ കൃത്യമായി സൂക്ഷിച്ചുവരുന്നുണ്ട്.എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് തുകകൾ വർഷം തിരിച്ച് എഴുതുകയും അടുത്ത വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുകയും ചെയ്തിട്ടില്ല. ഡെപ്പോസിറ്റ് തിരികെ നൽകുമ്പോൾ രജിസ്റ്ററിൽ ടി തുക ക്യാൻസൽ ചെയ്യുന്നില്ല.

1-4 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ക്രമപ്രകാരം സ്റ്റോക്കിലെടുത്തിട്ടില്ല

2013-14 വർഷം സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ട് നം.113/14/2013-14 പ്രകാരം 15 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ, ഒരു സെർവർ കമ്പ്യൂട്ടർ , 2 പ്രിന്റർ 1 നെറ്റ് വർക്ക് സ്വിച്ച് എന്നിവ വാങ്ങിയിരുന്നു. വാങ്ങിയ ഓരോ ഉപകരണത്തിനും ക്രമമായി സ്റ്റോക്ക് എൻട്രി വരുത്തുകയും സ്റ്റോക്ക് നമ്പർ ഉപകരണത്തിൽ രേഖപ്പെപെടുത്തുകയും ചെയ്തിട്ടില്ല. ഇവയ്ക്ക് വേണ്ടി പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-5 ലേലവ്യവസ്ഥകളിലെ മാറ്റവും മതിയായ രേഖകളുടെ അഭാവവും പഞ്ചായത്തിന് വരുമാനനഷ്ടമുണ്ടാക്കി.

ഗ്രാമപഞ്ചായത്തിലെ 2013- 14വർഷത്തെ വിവിധ ഫീസ് പിരിവുകളും കുത്തകാവകാശങ്ങളും28.2.13-ൽ ലേലം ചെയ്യുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തു. (16.2.13 -ലെ 2-ാം നമ്പർതീരുമാനം.)കുത്തകകൾ ലേലത്തിലൂടെ ഏറ്റെടുക്കുന്നവരിൽ പലരും പിന്നീട് ലേലത്തുക പൂർണ്ണമായും അടയ്ക്കാതിരിക്കകയും ,മതിയായ രേഖകളുടെ അഭാവത്തിൽ അവരിൽ നിന്നും തുക ഈടാക്കാൻ കഴിയാതെ വരുന്ന സാഹചര്യവുംനിലനിൽക്കുന്നതിനാൽ ലേലം ഉറപ്പിച്ചു നൽകുമ്പോൾത്തന്നെ മുഴുവൻ തുകയും അഥവാ3/4 തുകയെങ്കിലും ഈടാക്കാനുള്ള നിബന്ധന കൂടി ഉൾപ്പെടുത്തി ലേലം നടത്തണമെന്ന് സെക്രട്ടറി അഭിപ്രായപ്പെട്ടു. പഞ്ചായത്ത് കമ്മിറ്റി വിഷയം ചർച്ചചെയ്യുകയും കുറഞ്ഞ തുകയാണ് ലേലം കൊള്ളുന്നതെങ്കിലും മുൻകൂറായി അടക്കുന്നതാണ് പ്രയോജനപ്പെടുന്നതെന്ന ഭൂരിപക്ഷാഭിപ്രായം കണക്കിലെടുത്ത് പ്രസ്തുത നിബന്ധനതൻവർഷത്തെ ലേലവ്യവസ്ഥകളിൽ ഉൾപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ 28.2.13-ൽ നടത്തിയ ലേലത്തിൽ പല ഇനങ്ങളിലും തുക ഗണ്യമായി കുറഞ്ഞതിനാൽ പുനർലേലം നടത്തണമെന്ന് സെക്രട്ടറി അഭിപ്രായപ്പെട്ടതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 5.3.13-ലെ 1-ാംനമ്പർ തീരുമാനപ്രകാരംലേലം ഉറപ്പിക്കുകയാണുണ്ടായത്.തുക മുൻകൂറായി ഈ ടാക്കണമെന്ന നിബന്ധന ലേലവ്യവസ്ഥയിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും കിഴക്കേ മീറ്റ്സ്റ്റാൾലേലം കൊണ്ട ശ്രീ സോണി .എ.എസ്-ൽ നിന്നും 6 തവണകളായിട്ടാണ് തുക ഈടാക്കിയത്. ലേലത്തുക മുൻവർഷത്തേക്കാൾ കുറഞ്ഞ ഇനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ലേല ഇനം	ലേലം ഏറ്റടുത്ത വ്യക്തി	മുൻവർത്തെ തുക	തൻവർഷം	കുറവ്
ഫിഷ് മാർക്കറ്റ് ഫീസ് പിരിവ്	സുബൈർകോയ, വാഴവേലിൽ	40000/-	27500/-	12500
കിഴക്കേ മീറ്റ്സ്റ്റാൾ	സോണി. എ .എസ്	3,36000/-	2,23000/-	1,13,000
പടിഞ്ഞാറേ മീറ്റ് സ്റ്റാൾ	റഷീദ്. പി. കെ, പുത്തൻപുരയിൽ	3,50000/-	30000/-	3,20000
പരസ്യ നികുതി	സി.എ. മാഹിൻ,ചേലാട്ട്	45000/-	28,750/-	16,250

20.6.15 ൽ നടന്ന എക്സിറ്റ് കോൺഫറൻസിൽ മേൽവിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ലേലവ്യവസ്ഥയിലെ മാറ്റം പഞ്ചായത്തിന് ലാഭമാണ് ഉണ്ടാക്കിയതെന്ന് അഭിപ്രായപ്പെടുകയുണ്ടായി. എന്നാൽ ചുവടെ ചേർക്കുന്ന കാരണങ്ങളാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല.

1. 2012-13 വർഷം കിഴക്കേമീറ്റ് സ്റ്റാൾ ലേലം കൊണ്ട വ്യക്തി മാത്രമേ തുക അടവാക്കുന്നതിൽ വീഴ്ച വരുത്തിയിരുന്നുള്ളു.
2. 2013-14 ലെ ലേലവ്യവസ്ഥ പ്രകാരം മുഴുവൻ തുകയും മുൻകൂറായിത്തന്നെ അടയ്ക്കേണ്ടിയിരുന്നെങ്കിലും ആറ് തവണകളായി മാത്രമാണ് കിഴക്കേ മീറ്റ് സ്റ്റാൾ ലേലം കൊണ്ട വ്യക്തി തൻവർഷത്തെ തുകയും അടവുവരുത്തിയത്.
3. ലേലത്തുക മുഴുവനും ലേലം ഉറപ്പിക്കുന്ന സമയത്തുതന്നെ നൽകണമെന്ന നിബന്ധന ഉൾപ്പെടുത്തിയതുമൂലമാണ് പല ഇനങ്ങൾക്കും ലേലത്തുക മുൻവർഷത്തേക്കാൾ കുറയാനിടയായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
4. മുൻവർഷങ്ങളിൽ വിവിധ കുത്തകലേലക്കാർ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് യഥാസമയം നിരീക്ഷിക്കാതിരുന്നതും വ്യവസ്ഥാലംഘനത്തിനെതിരെ നിയമാനുസൃതനടപടികൾ കൃത്യസമയത്തുതന്നെ സ്വീകരിക്കാതിരുന്നതും പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്.

1-6 വാർഷിക പദ്ധതി അവലോകനം

തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2013-14 വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 31-12-13 ലെ 2(a) നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണ സമിതിയുടെ 5-6-14 ലെ 812/ഡി.പി.സി/ഡി.പി.ഒ,കോട്ടയം നമ്പർ ഉത്തരവ് പ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചു. വികസനഫണ്ട് 1,64,68,025 രൂപയും മെയിന്റനൻസ് ഗ്രാന്റ് 80,88,382 രൂപയും ഇതരസ്രോതസ്സുകളിൽ നിന്നുള്ള 2,55,37,121 രൂപയും വകയിരുത്തി ആകെ 5,00,93,258 രുപയ്ക്കുള്ള വാർഷിക അടങ്കലിനാണ് ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചത്. 42 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പടെ അംഗീകാരം ലഭിച്ച 170 പ്രോജക്ടുകളിൽ 122 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കുകയും വിവിധ സ്രോതസ്സുകളിൽ നിന്ന് 3,14,33,177 രൂപ ചെലവഴിക്കുകയും ചെയ്തു.(ചെലവ് ശതമാനം 62.74)

<u>സർക്കാർ ധനസഹായം</u>

പഞ്ചായത്തിനു ലഭിച്ച വിവിധ സർക്കാർ വിഹിതങ്ങളുടെ വരവ്ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശതമാനം
വികസനഫണ്ട് - ജനറൽ	34,214	79,88,000	80,22,214	79,80,430	41,784	99.47
എസ്.സി.പി	38,26,237	43,30,000	81,56,237	67,68,126	1388111	82.98

റ്റി.എസ്.പി	1,18,574	1,71,000	2,89,574	2,50,000	39,574	86.33
13-ാംധന.കമ്മീ. ഗ്രാന്റ്	17,409	40,67,405	40,84,814	40,79,529	5,285	99.87
ലോകബാങ്ക് ധനസഹായം	9,01013	23,49,000	32,80,013	27,64,907	5,15,106	84.29
മെ.ഗ്രാ.- റോഡിതരം	1,31,200	22,14,000	23,45,200	19,28,710	4,16,490	82.24
മെ.ഗ്രാ.- റോഡ്	6,36,182	51,07000	57,43,182	52,60,198	4,82,984	91.59

പദ്ധതി കണക്കുകളിലെ വ്യത്യാസം

2012-13 വർഷത്തെ റിപ്പോർട്ട് പ്രകാരം ലോകബാങ്ക് ധനസഹായം ഇനത്തിലെ നീക്കിയിരിപ്പ് തുക 931013 രൂപയാണ്. എന്നാൽ 2013-14 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 901013 രൂപ മുന്നിരിപ്പായി കാണിച്ചിരിക്കുന്നു. വ്യത്യാസം 30000 രൂപ (931013-901013)

കൂടാതെ 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് എം.കെ.എം കണക്കുകൾ പ്രകാരം വകയിരുത്തിയ തുക 4083409 രൂപയാണ്. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 4084814 രൂപയും. വ്യത്യാസം 1405 രൂപ. വ്യത്യാസത്തിനു കാരണം വ്യക്തമാക്കേണ്ടതും പരിഹരിക്കേണ്ടതുമാണ്. തൻവർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ മേഖല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

മേഖല	അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം	നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം
ഉല്പ്പാദനമേഖല	13	9
സേവനമേഖല	62	45
പശ്ചാത്തലമേഖല	95	68
ആകെ	170	122

വാർഷിക പദ്ധതിയുടെ മേഖലാടിസ്ഥാനത്തിലുള്ള ചെലവ് ശതമാനം താഴെ കൊടുക്കുന്നു.

മേഖല	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
ഉല്പാദന മേഖല	1,03,26,542	40,48,791	39.20
സേവനമേഖല	2,07,11093	1,35,64,032	65.49
പശ്ചാത്തലമേഖല	19055893	1,38,20,354	72.52
ആകെ	50093528	31433177	62.74

പദ്ധതിയുടെ നേട്ടങ്ങളും കോട്ടങ്ങളും

നേട്ടങ്ങൾ

1.ലഭ്യമായ വികസനഫണ്ടിന്റെ 91 ശതമാനം തുക വിനിയോഗിച്ചത് വഴി ഷോർട്ട് ഫാൾ ഒഴിവാക്കാൻ കഴിഞ്ഞു.

കോട്ടങ്ങൾ

1.ആകെ അടങ്കലിന്റെ 62.74 ശതമാനം തുക മാത്രമേ ചെലവഴിയ്ക്കാൻ കഴിഞ്ഞുള്ളൂ.

2.തനത്ഫണ്ടിനത്തിൽ വകയിരുത്തിയിരുന്ന തുകയുടെ 14.53 ശതമാനം തുക മാത്രമേ ചെലവഴിയ്ക്കാൻ കഴിഞ്ഞുള്ളൂ.

3.ആസൂത്രണം ചെയ്ത 170പ്രോജക്ടുകളിൽ 48 എണ്ണം നടപ്പാക്കിയില്ല.

4.ഉൽപ്പാദന മേഖലയിൽ ആകെ വകയിരുത്തിയിരുന്ന 1,03,26,542രൂപയിൽ 40,48,791 രൂപ മാത്രമാണ് ചെലവഴിച്ചത്. (ചെലവ്ശതമാനം 39.2)

5. വനിതാ വസ്ത്രനിർമ്മാണയൂണിറ്റ് കെട്ടിടനിർമ്മാണം,പാറകണ്ടം എസ്.സി സാംസ്കാരികനിലയനിർമ്മാണം എന്നിവ പൂർത്തീകരിച്ചെങ്കിലും പ്രവർത്തന സജ്ജമാക്കിയില്ല.

6.മിനിസ്റ്റേഡിയത്തിന്സ്ഥലംവാങ്ങൽ,ഖരമാലിന്യ സംസ്കരണ പ്ലാന്റിന്സ്ഥലം വാങ്ങൽ,13-ാം വാർഡിൽ ആയുർവേദ ആശുപത്രിയ്ക്ക് സ്ഥലം വാങ്ങൽ എന്നീ പ്രോജക്ടുകൾക്ക് ഗണ്യമായ തുകകൾ വകയിരുത്തിയിരുന്നെങ്കിലും നടപ്പാക്കാൻ കഴിഞ്ഞില്ല.

1-7 എം.എൻ ലക്ഷംവീട് ഭവനപുനർനിർമ്മാണപദ്ധതി

എം.എൻ ലക്ഷംവീട് ഭവനനിർമ്മാണപദ്ധതിക്കായി ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിരുന്ന എല്ലാവരുടെയും ഭവനനിർമ്മാണം പൂർത്തിയായിട്ടുള്ളതാണ്. ടി പദ്ധതിക്കായി ആരംഭിച്ചിരുന്ന ബാങ്ക് അക്കൗണ്ടിൽ (കാനറാ ബാങ്ക് അക്കൗണ്ട് നം.2507101023242) 14,942 രൂപ നീക്കിയിരിപ്പുണ്ട്. ജി.ഒ (ആർ.ടി) 708/2011ത.സ്വ.ഭ.വ പ്രകാരം ടി പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നവർക്ക് മുഴുവൻ സബ്സിഡിയും ഭവനനിർമ്മാണബോർഡ് നൽകും എന്ന് നിർദേശിച്ചിട്ടുള്ളതിനാൽ അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക ഭവനനിർമ്മാണബോർഡിന് തിരികെ നൽകേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 രസീതുപരിശോധന -അപാകതകൾ

1. നികുതി പിരിവിനു് ജീവനക്കാർക്ക് നൽകുന്ന രസീതുബുക്കുകളിൽ എണ്ണൽ സാക്ഷ്യപത്രം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

ഉദാ;- 58224,30024

2. റദ്ദു ചെയ്യുന്ന രസീതുകളിൽ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.

ഉദാ:- 5/58224, 15/30024

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ്, ചട്ടം 57, 58 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ ഡേബുക്ക്, ബാങ്ക് ബുക്ക് എന്നിവയുടെ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. സാംഖ്യ സമ്പ്രദായത്തിൽ വന്ന പിഴവുകൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2-2 ഒരു കടമുറിയ്ക്ക് വിവിധ നമ്പരുകൾ നൽകി വസ്തു നികുതി നിർണ്ണയിച്ചതുമൂലം നികുതിയിനത്തിൽ നഷ്ടം

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ 2013-14 വർഷത്തെ വസ്തുനികുതി അസസ്മെന്റ് പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പരുകൾ നൽകി വസ്തു നികുതി നിർണ്ണയിക്കുകയും ഇതു കാരണം പഞ്ചായത്തിന് നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായും കാണുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജും) ചട്ടങ്ങളിൽ ചട്ടം 3(5) പ്രകാരം ടി ചട്ടങ്ങളിലെ ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് മാത്രമേ പ്രത്യേകം നമ്പർ നൽകി നികുതി നിർണയിക്കേണ്ടതുള്ളു. തെറ്റായി നിർണയിച്ച നികുതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) പഞ്ചായത്തിലെ 6-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ശ്രീ.പി.യു.തോമസ് , പുളിവേലിൽ, തലയോലപ്പറമ്പ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ താഴത്തെ നില 3 മുറികളായി കണക്കാക്കി തുടർച്ചയായി നമ്പർ നൽകിയിരിക്കുന്നു. നേരിട്ട് നടത്തിയ പരിശോധനയിൽ ടി കെട്ടിടം ഉൾഭാഗം പ്രത്യേകം മുറികളായി തിരിച്ചിട്ടില്ലാത്തതും പി.എ.പി വെജിറ്റബിൾസ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നതുമാണ് എന്ന് ബോധ്യപ്പെട്ടു. ഒരൊറ്റ കടമുറിയായി കണക്കാക്കിയിരുന്നുവെങ്കിൽ 100 ച.മീറ്ററിനു മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമായ 70/- രൂപ നിരക്കിലാണ് വസ്തു നികുതി കണക്കാക്കേണ്ടിയിരുന്നത് (തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 19.02.2011ലെ എ2 6036/11 നമ്പർ വിജ്ഞാപന പ്രകാരം) . എന്നാൽ വിഭജിച്ച് നികുതി നിർണ്ണയം നടത്തിയതുമൂലം 100 ച.മീറ്ററിൽ താഴെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമായ 30/- രൂപ നിരക്കിലാണ് വസ്തു നികുതി കണക്കാക്കിയിട്ടുള്ളത്. ഇതു മൂലം സംഭവിച്ച നികുതി നഷ്ടം ചുവടെ ചേർക്കുന്നു.

കെട്ടിട നം	വിസ്തീർണ്ണം(ച.മീ)	റോഡിന്റെ തരത്തിന്റെ അടിസ്ഥാനത്തിൽ 20% വർധന അനുവദിച്ച് നിർണയിച്ച വസ്തുനികുതി
VI/811C	78.46	2825
VI/811D	35	1260
VI/811E	78.9	2840
	192.36	6925

വസ്തുനികുതി ഒന്നായി കണക്കാക്കിയിരുന്നുവെങ്കിൽ ടി കടമുറിക്ക് കണക്കാക്കേണ്ടിയിരുന്ന അടിസ്ഥാനവസ്തുനികുതി 70 രൂപ നിരക്കിൽ 13465 രൂപയും (192.36x70) റോഡ് തരം വർധന 20% കണക്കാക്കുമ്പോൾ നിർണയിക്കേണ്ട നികുതി 16158 രൂപയും ആണ്.വസ്തുനികുതി ഒന്നായി കണക്കാക്കാത്തതുമൂലം 9233 രൂപ പഞ്ചായത്തിന് നഷ്ടം സംഭവിച്ചു. നഷ്ടം ബന്ധപ്പെട്ട കെട്ടിട ഉടമയിൽ നിന്നോ അല്ലാത്തപക്ഷം ശരിയായ നികുതി നിർണയം നടത്താതിരുന്ന സെക്രട്ടറി ശ്രീ രാജേഷ് ടി. വർഗീസിൽ നിന്നോ ഈടാക്കേണ്ടതാണ്.

(2) പഞ്ചായത്തിലെ 3-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ശ്രീമതി .മേരിക്കുട്ടി റോയ് , കൊച്ചുപുരക്കൽ , മരങ്ങോലി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 3 നില കെട്ടിടത്തിന്റെ ഓരോ നിലയിലുമുള്ള വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന മുറികൾക്ക് അവയെ വ്യതസ്ത മുറികളാക്കി കണക്കാക്കി തുടർച്ചയായി നമ്പർ നൽകിയിരിക്കുന്നു. നേരിട്ട് നടത്തിയ പരിശോധനയിൽ ടി കെട്ടിടം ഉൾഭാഗം പ്രത്യേകം മുറികളായി തിരിച്ചിട്ടില്ലാത്തതും റൊമാനോ ഗ്രാനൈറ്റ്സ് & ടൈൽസ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നതുമാണ് എന്ന് ബോധ്യപ്പെട്ടു. വിഭജിച്ച് നികുതി നിർണ്ണയം നടത്തിയതുമൂലം 100 ച.മീറ്ററിൽ താഴെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമായ 30/- രൂപ നിരക്കിലാണ് വസ്തു നികുതി കണക്കാക്കിയിട്ടുള്ളത്. ഇതു മൂലം സംഭവിച്ച നികുതി നഷ്ടം ചുവടെ ചേർക്കുന്നു.

കെട്ടിട നം	വിസ്തീർണ്ണം(ച.മീ)	റോഡിന്റെ തരത്തിന്റെ അടിസ്ഥാനത്തിൽ 20% വർധന

			അനുവദിച്ച് നിർണയിച്ച വസ്തുനികുതി
III/177D		91.88	3308
III/177E		63.97	2304
III/177G		91.88	3308
III/177H		63.97	2304
III/177K		88.43	3183
III/177L		71.95	2590
ആകെ		472.08	16997

വസ്തുനികുതി ഒന്നായി കണക്കാക്കിയിരുന്നുവെങ്കിൽ ടി കെട്ടിടത്തിന് കണക്കാക്കേണ്ടിയിരുന്ന അടിസ്ഥാനവസ്തുനികുതി 70 രൂപ നിരക്കിൽ 33046 രൂപയും (472.08x70) റോഡ് തരം വർധന 20% കണക്കാക്കുമ്പോൾ നിർണയിക്കേണ്ട നികുതി 39655 രൂപയും ആണ്.വസ്തുനികുതി ഒന്നായി കണക്കാക്കാത്തതുമൂലം 22658 രൂപ പഞ്ചായത്തിന് നഷ്ടം സംഭവിച്ചു. നഷ്ടം ബന്ധപ്പെട്ട കെട്ടിട ഉടമയിൽ നിന്നോ അല്ലാത്തപക്ഷം ശരിയായ നികുതി നിർണയം നടത്താതിരുന്ന സെക്രട്ടറി ശ്രീ. രാജേഷ് ടി. വർഗീസിൽ നിന്നോ ഇൗടാക്കേണ്ടതാണ്.

ചട്ടങ്ങൾക്ക് അനുസൃതമല്ലാതെ നികുതി നിർണയിച്ചതുമൂലം പഞ്ചായത്തിന് വൻ സാമ്പത്തികനഷ്ടമുണ്ടായിട്ടുണ്ട്. വസ്തുനികുതി നിർണയിക്കുന്നതിന് ചുമതലപ്പെട്ട പഞ്ചായത്ത് സെക്രട്ടറി ടി നഷ്ടത്തിന് ഉത്തരവാദിയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

മേൽ വിവരിച്ച രണ്ട് കെട്ടിടങ്ങളുടേയും വസ്തുനികുതി പരിഷ്കരിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.അല്ലാത്തപക്ഷം ചാർജ് നടപടികൾ സ്വീകരിക്കുന്നതാണ്.

2-3 തൊഴിൽ നികുതി ഈടാക്കിയില്ല

2013-14 വർഷത്തിൽ പഞ്ചായത്തു രേഖകൾ (ഡിമാന്റ് രജിസ്റ്റർ, അസസ്മെന്റ് രജിസ്റ്റർ) പ്രകാരം പഞ്ചായത്തു പ്രദേശത്ത് പ്രവർത്തിയ്ക്കുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സ്ഥാപനം	ഒടുക്കേണ്ടിയിരുന്ന അർദ്ധവർഷം
സജ്ജീവനി നേഴ്സിംഗ് ഹോം	ഒന്നും രണ്ടും അർദ്ധവർഷം
ഐസിഎം കമ്പ്യൂട്ടേഴ്സ്	“
യങ്ങ് ഇന്ത്യ, ഐറ്റിസി	“
ലാഭം മാർക്കറ്റ്, തലയോലപ്പറമ്പ്	“
തിരുപുരം ദേവസ്വം, തലയോലപ്പറമ്പ്	“
ഇളംകാവ് ദേവസ്വം, വടയാർ	“
ഗോൾഡൻ പാർക്ക് ഹോട്ടൽ	“
കയർവ്യവസായ സഹകരണസംഘം, വടയാർ	“
ത്രിവേണി സൂപ്പർമാർക്കറ്റ്	“
മണപ്പുറം ഫിനാൻസ്,തലയോലപ്പറമ്പ്	രണ്ടാം അർദ്ധവർഷം
സെന്റ് ലൂയി എൽ.പി,സ്കൂൾ	“
മിഠായിക്കുന്നം എൽ.പി.സ്കൂൾ	“

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും പിഴപ്പലിശ സഹിതം തൊഴിൽനികുതി ഈടാക്കി പഞ്ചായത്തുഫണ്ടിൽ അടവാക്കേണ്ടതാണ്.

2-4 സ്ഥാപനതൊഴിൽനികുതി ഈടാക്കിയില്ല

ചുവടെ ചേർത്തിരിയ്ക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല., വിശദാംശങ്ങൾ ചേർക്കുന്നു.

സ്ഥാപനത്തിന്റെ പേരു്	കാലയളവ്
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ	ഒന്നും രണ്ടും അർദ്ധവർഷം
കാനറാ ബാങ്ക്, തലയോലപ്പറമ്പ്	“
കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ	“
മണപ്പുറം ഫിനാൻസ്	“
മിനി മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്	ഒന്നാം അർദ്ധവർഷം
യുഎഇ എക്സ്ചേഞ്ച്, തലയോലപറമ്പ്	“
എം.ജി.എഫ് മോട്ടോഴ്സ്, തലയോലപ്പറമ്പ്	“
കൊശമറ്റം ഫിനാൻസ്	“
ട്രേഡേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	“
വടയാർ അഗ്രിക്കൾച്ചറൽ കോപ്പറേറ്റീവ് സൊസൈറ്റി	“
ഇൻഡസ് മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ്	“

മേൽ സ്ഥാപനങ്ങളിൽനിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കി പഞ്ചായത്തുഫണ്ടിൽ അടവാക്കേണ്ടതാണ്.

2-5 വെളിന്തറ സസ്യമാർക്കറ്റ് ഫീസ് പിരിവ് -ലേലത്തുക ഈടാക്കിയില്ല-ഗ്രാമപഞ്ചായത്തിന് 105000 /- രൂപയുടെ വരവുനഷ്ടം

2012-13 വർഷം വെളിന്തറ സസ്യമാർക്കറ്റ് ഫീസ് പിരിവ് അവകാശം ലേലം കൊണ്ടിരുന്ന കേരള വ്യാപാരി വ്യവസായിഏകോപനസമിതി തലയോലപ്പറമ്പ് യൂണിറ്റ് 5%അധികരിച്ച നിരക്കിൽ ലേലം ഏറ്റെടുക്കാൻ

തയ്യാറാകുകയാണെങ്കിൽ 2013-14 വർഷത്തെ ഫീസ് പിരിവ്അവകാശം സമിതിക്കുതന്നെ നൽകുന്നതിന് 16.2.13ൽ കൂടിയ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തു. (തീരുമാനം നമ്പർ 2) ഇപ്രകാരം അധികനിരക്കിൽ ഫീസ് പിരിവ് ഏറ്റെടുക്കാൻ സമിതി തയ്യാറായതിന്റെ അടിസ്ഥാനത്തിൽ തൻവർഷത്തെ ഫീസ് പിരിക്കുന്നതിനുള്ള അവകാശം 22.3.13 ലെ 2(3) നമ്പർ തീരുമാനം പ്രകാരം 105000 രൂപയ്ക്ക് വ്യാപാരി വ്യവസായി ഏകോപനസമിതി തലയോലപ്പറമ്പ് യൂണിറ്റിന് ഉറപ്പിച്ചുനൽകി. എന്നാൽ ഗ്രാമപഞ്ചായത്ത് വ്യാപാരിവ്യവസായി ഏകോപനസമിതിയുമായി കരാറിൽ ഏർപ്പെട്ടിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിലേക്കായി 17.6.15 ൽ 12-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. വിശദമായ പരിശോധനയിൽ ലേലത്തുക സമിതി പഞ്ചായത്തിൽ അടച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 18.6.15 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/2015) 20.6.15 ൽ സെക്രട്ടറി നൽകിയ മറുപടിയിൽ വ്യാപാരി വ്യവസായി ഏകോപനസമിതിയിൽ നിന്ന് തുക ഇൗടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചിരുന്നു. മേൽ സാഹചര്യത്തിൽ അടിയന്തിരനടപടികൾ സ്വീകരിച്ച് നാളിതുവരെയുള്ള തുക പലിശസഹിതം സമിതിയിൽ നിന്ന് ഇൗടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും വിവരം രേഖാമൂലം ഇൗ ഓഫീസിൽ അറിയിക്കേണ്ടതുമാണ്. ലേലത്തുക അടയ്ക്കാൻ സമിതി തയ്യാറാകാത്തപക്ഷം (സമിതിയുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെടാത്ത സാഹചര്യത്തിൽ) നഷ്ടമായ 105000 രൂപ പലിശസഹിതം നഷ്ടത്തിന് ഉത്തരവാദികളായ സെക്ഷൻ ക്ലർക്ക്, സെക്രട്ടറി എന്നിവരിൽ നിന്ന് തുല്യമായി ഇൗടാക്കേണ്ടതാണ്.

2-6 ഷോപ്പിംഗ്കോംപ്ലക്സിലെ വ്യാപാരസ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിച്ചു.

1994 -കേരള പഞ്ചായത്ത് രാജ് ആക്റ്റ് , സെക്ഷൻ 232(1) പ്രകാരം ഇതിലേക്കുള്ള ചട്ടങ്ങളിൽ നിർദേശിച്ചിട്ടുള്ള എന്തെങ്കിലും കാര്യങ്ങൾക്ക് പഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായുംപഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

എന്നാൽ 2013 -14 വർഷം ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്കെടുത്തിരുന്ന ചുവടെ ചേർക്കുന്ന വ്യാപാരികൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെയാണ്

വ്യാപാരസ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരുന്നത്.

ക്രമനംപർ	വ്യാപാരിയുടെ പേര്	ഷോപ്പിങ് കോംപ്ലക്സ് റൂം നമ്പർ
1	വി.എൻ. രാജപ്പൻ വടക്കേത്തറ	vi/ 773(1)
2	തോമസ്ജോസഫ്, കുറിച്ചിപ്പറമ്പിൽ	vi/ 774(2)
3	വി.സി. ജോസഫ്, വടക്കേകൊല്ലപ്പറമ്പിൽ	vi/779
4	വി.സി. ജോസഫ്, വടക്കേകൊല്ലപ്പറമ്പിൽ	vi/780
5	ഔസേഫ് ജോസഫ് തെക്കേപറയിൽ	vi/782
6	റ്റി.എം.ജോൺ, താമരശ്ശേരിൽ	vi/ 891
7	കെ. ജെ. തോമസ് . കദലിക്കാട്ട്	vi/ 783
8	സി. ചാക്കോ ജിമ്മി. ഞാറവേലിൽ	vi/ 784

9 ജോൺസൺ ജോസഫ്
ഒറ്റപ്ലാക്കിൽ vi/ 787

10 ജോൺസൺ ജോസഫ്
ഒറ്റപ്ലാക്കിൽ vi/ 788

11 ശാന്തമ്മ ജോയി
താമരശ്ശേരിൽ vi/ 892

12 സുഹറ ഷെറഫ്
വേഴവേലിൽ vi/ 893

13 കെ. എം. മുസ്തഫ.
കോണ്ടോനിത്തറയിൽ vi/ 894

14 റസാക്ക്,
കോലേഴത്ത് vi/ 928

15 കെ. വി. ആന്റണി.
കൊച്ചുപറമ്പിൽ vi/ 929

16 ഷെറീഫാ ഇസ്മയിൽ
മാമ്പഴത്തിൽ vi/ 930

17 അബ്ദുൾ നിസ്സാർ
പുത്തൻപറമ്പിൽ vi/ 931

18 എം.അസീസ്സ്.
മാമ്പഴത്തിൽ vi/ 932

19 പി. എം. അഹമ്മദ്കുട്ടി
പുത്തൻപുരയിൽ vi/ 935

20 ഷെമീനാ നവാസ്
പതിയാറ്റ് vi/ 936

21 കെ. കെ. സുരേന്ദ്രൻ
പുവത്തുംമ്മൂട്ടിൽ vi/ 937

22 ജയകുമാർ. എം. കെ.
ചമ്പോത്ത് മ്യാലിൽ,
വടയാർ. പി. ഒ. Viii/ 28 B

23 എ. എൻ.പ്രദീപ്,

കീഴ്പ്പാടത്തിൽ viii/ 28C

അപാകത ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് 17.6.15 ൽ 10/15 എന്ന നമ്പരിൽ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് വക ഷോപ്പിങ്ങ് കോംപ്ലക്സ് മുറികൾ വാടകയ്ക്കെടുത്ത് വ്യാപാരം/ വ്യവസായം നടത്തിപ്പോരുന്ന എല്ലാ വ്യാപാരികളിൽനിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതും ലൈസൻസില്ലാതെ സ്ഥാപനം പ്രവർത്തിപ്പിക്കുന്നവർക്കെതിരേ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2-7 പെട്രോൾ പമ്പ്

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3, ഒന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിനും പഞ്ചായത്തിന്റെ ലൈസൻസ് ഉണ്ടായിരിക്കേണ്ടതാണ്. ഇതിന് വിരുദ്ധമായി പഞ്ചായത്തിലെ 8-ാം വാർഡിൽ കൂരാപ്പള്ളിൽ ഏജൻസീസ് എന്ന പേരിൽ പെട്രോൾ പമ്പ് പ്രവർത്തിച്ചത് പഞ്ചായത്തിന്റെ ലൈസൻസില്ലാതെയാണ്.എന്നാൽ ചട്ടലംഘനത്തിന് സ്ഥാപന ഉടമയ്ക്കെതിരെ 1994 ലെ പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 255 പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടില്ല. സ്ഥാപനത്തിന് നിയമാനുസൃതം ലൈസൻസ് നൽകുകയോ ശിക്ഷാനടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

2-8 കള്ളുഷാപ്പുകൾ

ലൈസൻസില്ലാതെ ഗ്രാമപഞ്ചായത്തുകൾ നൽകുന്ന ഡി ആന്റ് ഒ ചട്ടത്തിലെ പട്ടിക 1 അനുസരിച്ചുള്ള യാതൊരു വ്യാപാരമോ വ്യവസായമോ പഞ്ചായത്തിൽ നടത്താൻ പാടില്ലാത്തതാണ്. അബ്കാരി ഷാപ്പുകൾ - സംഭരണവും വില്പനയും പട്ടികയിലെ 139- ാമത്തെ ഇനമാണ്. ആയതിനാൽ ലൈസൻസില്ലാതെ ഷാപ്പുകൾ പ്രവർത്തിക്കാൻ അനുവാദമില്ലാത്തതാണെങ്കിലും ഗ്രാമപഞ്ചായത്തിൽ വർഷങ്ങളായി ഷാപ്പുകൾ പ്രവർത്തിക്കുന്നത് ലൈസൻസില്ലാതെയാണെന്ന് ഡി ആന്റ് ഒ ലൈസൻസ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. പഞ്ചായത്തിന്റെ ട്രയിഡേഴ്സ് ലിസ്റ്റിലും ഷാപ്പുകളെ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര/ വ്യവസായസ്ഥാപനങ്ങളെയും ഡി & ഒ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മറ്റെല്ലാ സ്ഥാപനങ്ങൾക്കുമെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2-9 വിനോദനികുതി - ഈടാക്കിയ 14980 രൂപ അക്കൗണ്ടിൽ വന്നിട്ടില്ല

2013-14 വർഷത്തെ വിനോദനികുതി വരവുമായി ബന്ധപ്പെട്ട ലഡ്ജർ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ടിക്കറ്റ് സീലിങ്ങ് സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ ടിക്കറ്റുകൾ സീൽ ചെയ്ത് നൽകിയപ്പോൾ ഈടാക്കിയ വിനോദനികുതി 14980 രൂപ അക്കൗണ്ടിൽ വന്നിട്ടില്ല എന്ന് ബാങ്ക് ബുക്ക് , ലെഡ്ജർ എന്നിവ പരിശോധിച്ചപ്പോൾ കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തീയതി	തിയേറ്റർ	സീൽ ചെയ്ത ടിക്കറ്റുകളുടെ നമ്പർ	നികുതി നിരക്ക്	ടിക്കറ്റ് സീൽ രജിസ്റ്റർ പ്രകാരം ലഭിച്ച തുക	റിമാർക്ക്
20.7.13	പ്രണവ്	44001-45000 വരെ	10.18 രൂപ	10180	പ്രസ്തുത ക്രമനമ്പരുകളിലുള്ള ടിക്കറ്റുകളുടെ വിവരം ലഡ്ജർ അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടില്ല
16.7.13	നൈസ്	ടിക്കറ്റ് നമ്പർ ലഭ്യമല്ല	-	4800	ടി.എസ്.ആറിൽ ടിക്കറ്റ് നമ്പരും നിരക്കും രേഖപ്പെടുത്തിയിട്ടില്ല.
ആകെ				14980	

വിനോദനികുതി ഈടാക്കിയത് പഞ്ചായത്ത് ഫണ്ടിൽ വരവെടുക്കാത്തതിനാൽ നഷ്ടമായ 14980 രൂപ ആയതിന് ഉത്തരവാദിയായ സെക്ഷൻ ക്ലർക്ക് ശ്രീ. വി.ബി. ബിബിൻ, സീനിയർ ക്ലർക്ക് , സെക്രട്ടറി ശ്രീ. രാജേഷ് ടി. വർഗീസ് എന്നിവരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്. കൂടാതെ ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും വിനോദനികുതി വരവുതുകയുടെ അക്കൗണ്ടിലെ അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ഇ.എം.എസ് ഭവനനിർമാണം- ഭവനനിർമാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു

ഇ.എം.എസ് ഭവനനിർമാണത്തിനായി ഗ്രാമപഞ്ചായത്തുമായി 169 പേർ കരാറിൽ ഏർപ്പെട്ടിരുന്നതിൽ 23 ഭവനങ്ങൾ പൂർത്തിയാകുവാനുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	പേര് , വിലാസം	കരാർ വച്ച തീയതി	ആകെ കൈപ്പറ്റിയ തുക
1	ജോയി, കദളിക്കാട്	7.6.2010	52500
2	രാജു, നെല്ലാപ്പള്ളികാലായിൽ	2.6.2010	67500

3	ഭവാനി, വലിയവീട്ടിൽ	14.6.2010	67500
4	ജോസഫൈൻ ജോസഫ്, കളത്തിപ്പറമ്പിൽ	10.06.2010	52500
5	മഞ്ജു, പൈനാപ്പള്ളിൽ	10.06.2010	52500
6	ജോസഫ്.ജെ, പുതുപ്പറമ്പിൽ	2.7.2010	52500
7	മുകുന്ദൻ, തറയിൽ	29.6.2010	52500
8	വേണു.റ്റി.ആർ, ഉഷാഭവനം	6.7.2010	22500
9	വി.എം.സുരേന്ദ്രൻ, എക്കാനിയിൽ	3.7.2010	52500
10	രാജമ്മ, മുരുകാലയം	3.7.2010	142500
11	വിശ്വംഭരൻ, കറുകത്തറ	6.7.2010	52500
12	വർഗീസ്, മണമ്മേൽ	22.7.2010	22500
13	ഷാജി.കെ.എസ്,വടക്കേമുരുകാലയം	22.7.2010	122500
14	പി.വി.ബേബ്,പഴമ്പാടിയിൽ	23.7.2010	22500
15	വേണുഗോപാൽ, തേരത്ത് വീട്	22.7.2010	22500
16	റാഹേൽ, ഉപ്പിത്തറ	16.7.2010	22500
17	ഷനീർ, സി.റ്റി, ചേമ്പാലയിൽ	12.7.2010	52500
18	ജോയി, ജോസ്മി വിലാസം	12.8.2010	102500
19	മണി, വാളവേലിൽ	29.7.2010	22500
20	നെജീബ്, അക്ബർ മൻസിൽ	21.2.2010	67500
21	പുരുഷോത്തമൻ നായർ, സരസ്വതി മന്ദിരം	28.2.2011	52500
22	ത്രേസ്യാമ്മ, അമ്പലത്തിൽ	31.3.2012	36000
23	അംബുജാക്ഷൻ, വടക്കേരിത്തറ	19.7.2010	102500

ടി ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുവാൻ അവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-2a വനിതാവസ്ത്രനിർമാണയൂണിറ്റ്ഃ നിർമാണം പൂർത്തീകരിച്ചെങ്കിലും പ്രവർത്തനസജ്ജമാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 1997-98 ൽ ഡി.ആർ.ഡി.എ. ഫണ്ട് ഉപയോഗിച്ച് വനിതാ വസ്ത്രനിർമാണയൂണിറ്റ് (റെഡിമെയ്ഡ് സെന്ററർ) നിർമിക്കാൻ അനുമതി ലഭിച്ചിരുന്നു. ഈ പദ്ധതിയുടെ നിർമാണപ്രവർത്തനങ്ങൾക്കായി 50000 രൂപ സംസ്ഥാനനിർമിതി കേന്ദ്രത്തിന് (പഞ്ചായത്ത് നിർമിതി കേന്ദ്രം, തലയോലപ്പറമ്പ്) അഡ്വാൻസ് നൽകി. ഇതിനുശേഷം നിർമാണം മുടങ്ങി. ഇതു സംബന്ധിച്ച് വിശദമായി ഓഡിറ്റ് റിപ്പോർട്ട് 2000-01 ഖണ്ഡിക നമ്പർ 3.9, സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08 ഖണ്ഡിക 3.3.1.2 ൽ പ്രതിപാദിച്ചിട്ടുണ്ട്.

പഞ്ചായത്ത് കമ്മിറ്റിയുടെ 22.3.12 ലെ ഒന്നാം നമ്പർ തീരുമാനം പ്രകാരം രണ്ടാം വാർഡിൽ മാർക്കറ്റിനോട് ചേർന്ന് വടയാർ വില്ലേജ് സർവേ നമ്പർ 303/11 ൽപ്പെട്ട പഞ്ചായത്ത് വക സ്ഥലത്ത് വസ്ത്രനിർമാണയൂണിറ്റിനായി 1200000 രൂപയ്ക്ക് കെട്ടിടം പണിത് യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങുന്നതിന് തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നിർമിതി കേന്ദ്രവുമായി 26.8.13 ൽ നിയമാനുസൃത സപ്ലിമെന്ററി കരാറിൽ ഏർപ്പെടുകയും (കരാർ നമ്പർ 1908) ചെയ്തു.

കെട്ടിടനിർമാണം 2013 ഓഗസ്റ്റ് 26-ാം തീയതി ആരംഭിച്ച് 2014 മാർച്ച് 31-ാം തീയതി പൂർത്തീകരിക്കാനായിരുന്നു കരാർ വ്യവസ്ഥ.

2013-14, 14-15 വർഷം കെട്ടിടനിർമാണത്തിനായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

240000	ചെക്ക് നമ്പർ 93221/11.9.13	മൊബിലൈസേഷൻ അഡ്വാൻസ് നിർമിതി കേന്ദ്രത്തിന് നൽകിയത്
480000	ചെക്ക് നമ്പർ 93232/11.1.14	
480000	ചെക്ക് നമ്പർ 93233/7.5.14	
ആകെ	1200000 രൂപ	

75925 രൂപ ചെലവഴിച്ച ഇലക്ട്രിക്ക് വർക്കുകൾ പൂർത്തീകരിച്ചെങ്കിലും ഫൈനൽ ബിൽ നൽകിയിട്ടില്ല.

12 ലക്ഷം രൂപ ചെലവഴിച്ച് നിർമാണം പൂർത്തീകരിച്ചെങ്കിലും നാളിതുവരെ കെട്ടിടം തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്ന് നേരിട്ടുള്ള പരിശോധനയിൽ വ്യക്തമായി.

വസ്ത്രനിർമാണയൂണിറ്റിനായി അവശ്യം വേണ്ട തയ്യൽ മെഷീനുകൾ, എംബ്രോയ്ഡറി , ലോക്കിങ് മെഷീനുകൾ, കട്ടിങ് ടേബിളുകൾ എന്നിവ വാങ്ങിയിട്ടില്ല. ഇവ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ ഉൾപ്പെടയുള്ള അനുബന്ധസൗകര്യങ്ങൾ ലഭ്യമാക്കി വനിതാ വസ്ത്രനിർമാണയൂണിറ്റിനായി സ്ഥാപിച്ച കെട്ടിടം തുറന്ന് പ്രവർത്തനം ആരംഭിക്കാൻ വേണ്ട അടിയന്തിരനടപടികൾ പഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

ബി) പാറക്കണ്ടം എസ് സി സാംസ്കാരിക നിലയം- പ്രവർത്തനം തുടങ്ങാൻ നടപടി സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ പതിനൊന്നാം വാർഡിലെ പാറക്കണ്ടം കോളനിയിൽ 16 പട്ടികജാതി കുടുംബങ്ങളുടെ സാംസ്കാരിക ഉന്നമനം ലക്ഷ്യമാക്കി ഒരു ബഹുനില കെട്ടിടം പദ്ധതിയിൽപ്പെടുത്തി നിർമ്മിച്ചിട്ടുണ്ട്. 1061337 രൂപ തൻവർഷം ഈ പ്രോജക്ടിനായി ചെലവഴിച്ചിട്ടുണ്ട്. പ്രാദേശികപരിശോധനയിൽ ടി കെട്ടിടം അടഞ്ഞുകിടക്കുന്നതായി കാണപ്പെട്ടു. 2014-15 ൽ വൈദ്യുതീകരണത്തിനായി പ്രോജക്ട് തയ്യാറാക്കിയിരുന്നെങ്കിലും നടപ്പായില്ല. ആവശ്യമായ തുടർപ്രവർത്തനങ്ങൾ നടത്തി ടി ആസ്തി സക്രിയമാകാൻ നടപടി സ്വീകരിക്കേണ്ടതാണ്

3-3 ചരിയംകുന്നേൽ കോഴിക്കോടൻതറ റോഡ് വികസനം-വിട്ട് കിട്ടിയ ഭൂമി പഞ്ചായത്തിന്റെ ആസ്തിയാക്കിയിട്ടില്ല

2013-14 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച 13-ാം വാർഡിലെ ചരിയംകുന്നേൽ കോഴിക്കോടൻതറ റോഡിനായി പ്രദേശവാസികളായ 6 പേർ ഭൂമി വിട്ടു നൽകിയിട്ടുണ്ട് . ടി ഭൂമി ആവശ്യമായ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ ആസ്തിയാക്കാൻ 7.10.2013ൽ കൂടിയ ഭരണസമിതി തീരുമാനിച്ചിരുന്നു. എന്നാൽ ടി തീരുമാനം നടപ്പാക്കിയതായി കാണുന്നില്ല. പ്രസ്തുത ഭൂമി പോക്കുവരവ് നടത്തി പഞ്ചായത്തിന്റെ ആസ്തിയാക്കേണ്ടതാണ്.

3-4 തുക ചെലവഴിച്ചതിന് രേഖകളില്ല- ചെലവ് തടസ്സപ്പെടുത്തുന്നു.

2013-14 വർഷം സെക്രട്ടറി നടത്തിയ താഴെപ്പറയുന്ന ചെലവുകൾ അവയ്ക്കെതിരെ കാണിച്ചിട്ടുള്ള കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

ക്രമ നം	പ്രോജക്ട്നം	പ്രോജക്ടിന്റെ പേര്	വൗച്ചർനം/ തീയതി	തുക	ഡി.ഡി.നം/ തീയതി	തുക നല്കിയത് ആർക്ക്	തടസ്സപ്പെടുത്താനുള്ള കാരണം
1.	172/13-14	ചൂരവേലിൽ ഭാഗത്തേയ്ക്ക് പൈപ്പ് ലൈൻ നീട്ടൽ (വി.ഫ)	21301364 /31-3-14	225000	085150/ 7-4-14	എക്സി.എഞ്ചിനിയർ, കേരളവാട്ടർ അതോറിറ്റി, കടുത്തുരുത്തി.	വിനിയോഗ വിവരങ്ങൾ ലഭ്യമല്ല.
2.	175/"	കോറിക്കൽ -കോച്ചും ഗ്രാക്കൽ ഭാഗത്തേയ്ക്ക് പൈപ്പ് ലൈൻ നീട്ടൽ (എസ്.സി.പി)	21301345 /29-3-14	290500	085157/ 7-4-14	" "	" "
3.	176/"	മുരിക്കുംതറ-കലുങ്ക് ഭാഗത്തേയ്ക്ക് പൈപ്പ് ലൈൻ നീട്ടൽ	21301335 /28-3-14	20000	448827/ 29-3-14	" "	" "
4.	149/"	എസ്.സി. കോളനികളിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടൽ	21301325 /28-3-14	106000	356553/ 6-9-13	" "	" "
5.	174/"	കന്യാകോൺ ഭാഗത്തേയ്ക്ക് പൈപ്പ് ലൈൻ നീട്ടൽ	ലഭ്യമല്ല	39000	448826/ 29-3-14	" "	" "
6.	182/"	3-ാം വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ	"	20000	448825/ 29-3-14	" "	" "
7.	168/"	അംഗൻ വാടി വാട്ടർ കണക്ഷൻ -അധിക തുക വകയിരുത്തൽ	21301368/ 31-3-14	14000	085091/ 7-4-14	" "	" "
8.	155/"	വിവിധ അംഗൻവാടികളിൽ വൈദ്യുതി എത്തിയ്ക്കൽ	-	40000 2500 18800 250	60334/17.3 60333/" 60331/" 60332/"	അസ്സി.എഞ്ചിനിയർ, കെ.എസ്.ഇ.ബി, തലയോലപ്പറമ്പ്	" "
9.	63/"	എസ്.എസ്.എ വിഹിതം നല്കൽ	-	544359	-	പ്രോജക്ട് ഓഫീസർ, എസ്.എസ്.എ, കോട്ടയം.	തുക കൈപ്പറ്റിയ വിവരം, വിനിയോഗ വിവരം ലഭ്യമല്ല
10.	186/"	കേരള സാമൂഹ്യസുരക്ഷാമിഷൻ പ്രവർത്തനങ്ങൾക്ക് സംഭാവന	21301363/ 31-3-14	300000	085147/ 7-4-14	ഡയറക്ടർ, കേരളാസോഷ്യൽ സെക്യൂരിറ്റി മിഷൻ,തിരുവനന്തപുരം	"
11.	187/"	ഐ.എ.വൈ ഭവനനിർമ്മാണം (ജനറൽ)	21301369 /31-3-14	552500	85090/ 7-4-14	സെക്രട്ടറി,കടുത്തുരുത്തി ബ്ളോക്ക് പഞ്ചായത്ത്	" "

12.	184/"	" " എസ്.സി.	21301368/ 31.0.14	1170000	85088/"	"	"
13.	112/"	അസിസ്റ്റന്റ് എഞ്ചിനിയർ ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ		50000	ലഭ്യമല്ല	മറിയ വുഡ്ക്രാഫ്റ്റ്, തലയോലപ്പറമ്പ്	തുക കൈപ്പറ്റിയ വിവരങ്ങൾ, സ്റ്റോക്കിലെടുത്ത വിവരം ലഭ്യമല്ല
ആകെ				3392909			

രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

3-5 മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പു പദ്ധതി

മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പു പദ്ധതിയിൽ 2013-14വർഷം വരെ 2431പേർക്ക് തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്.ലേബർ ബഡ്ജറ്റ് പ്രകാരം 222പദ്ധതികൾ വിഭാവനം ചെയ്തു.അതിൽ 195പദ്ധതികൾ പൂർത്തിയാക്കി തൻവർഷം ആകെ 56311 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. ഭൂവികസന പ്രവൃത്തികൾ, മഴക്കുഴിനിർമ്മാണം ,തോടിന് ആഴം കൂട്ടൽ, മൺചാൽ നിർമ്മാണം എന്നിവയാണ് പ്രധാനമായും നടപ്പാക്കിയ പ്രവൃത്തികൾ .

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തിക നില

വാർഷികകണക്കുകളിലെ അപാകതകൾ

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിന്മേലുള്ള പ്രാഥമിക പരിശോധന നടത്തി എൽ.എഫ്.കെ.പി 14/GP- 60 /2013 തീയതി.31.12.2014 നമ്പർ വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രം നൽകിയിരുന്നതാണ്. വിശേഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. വാർഷികകണക്കുകളിൽ കാണിച്ചിട്ടുള്ള കിട്ടാനുള്ള തുകകൾ ഡിമാന്റ്/ കുടിശിക ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.
2. വാർഷികകണക്ക് പ്രകാരമുള്ള അക്രു ചെയ്ത വരവിനങ്ങൾ ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.
3. സ്ഥിരനിക്ഷേപങ്ങൾ ബി-12 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. ടി അപാകതകൾ ഓഡിറ്റ് വേളയിൽ പരിഹരിച്ചിട്ടുണ്ട്.

ഓഡിറ്റ് വേളയിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു

1.പരസ്യനികുതി ലേലം ചെയ്ത് നൽകിയിരുന്നതും ടിയിനത്തിൽ 27,750 രൂപ വരവുള്ളതുമാണ്. എന്നാൽ RP-43ഷെഡ്യൂളിൽ വരവ് കാണിച്ചിട്ടില്ല.

2. വിനോദനികുതിയിനത്തിൽ 43,01,640 രൂപ വരവുണ്ട്. എന്നാൽ RP-1ഷെഡ്യൂളിൽ 15,71,512 രൂപ മാത്രമാണ് വരവ് കാണിച്ചിരിക്കുന്നത്.

3. ബാലൻസ് ഷീറ്റിൽ ബി-4 ഷെഡ്യൂളിൽ കോൺട്രിബ്യൂഷൻ ഫോർ ജോയിന്റ് വെൻച്ച്യുവർ പ്രോജക്ട്സ് - ക്യാപിറ്റൽ എക്സ്പെൻഡിച്ചർ- ബ്ലോക്ക് പഞ്ചായത്ത് എന്നതിൽ 850/- രൂപയും കോൺട്രിബ്യൂഷൻ ഫോർ ജോയിന്റ് വെൻച്ച്യുവർ പ്രോജക്ട്സ് - റെവന്യൂ എക്സ്പെൻഡിച്ചർ- ബ്ലോക്ക് പഞ്ചായത്ത് എന്നതിൽ 2410/- രൂപയും കാണിച്ചിട്ടുണ്ട്. എന്നാൽ ടി തുകയുടെ കൃത്യത വ്യക്തമല്ല.

സാമ്പത്തികനില

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
എ	4927447	18905405	23832852	21842992	1989860
ബി	0	8707964	8707964	8707964	0
സി	767382	7321000	8088382	7188908	899474
ഡി &എഫ്	9531857.55	17281866	6813723.55	13690177	13123546.55
ഇ	71253.50	6102178	6173431.50	6170852	2579.50
ആകെ	15297940.05	58318413	73616353.05	57600893	16015460.05

നീക്കിയിരിപ്പിന്റെ വിശദാംശം (വാർഷിക കണക്കുകൾ പ്രകാരം)

ബാങ്ക്/ട്രഷറി	അക്കൗണ്ട് നം.	നീക്കിയിരിപ്പ് തുക

തനത് ഫണ്ട്- എസ്.ബി.ഐ		9966
(ജില്ലാ സഹകരണ ബാങ്ക്) തനത് ഫണ്ട്	1935	1654149
ഫാർമേഴ്സ് ബാങ്ക്(ഇൻവെസ്റ്റ്മന്റ്)		845738
വടയാർ എസ്.സി.ബി(ഇൻവെസ്റ്റ്മന്റ്)	9226	784688
ഫാർമേഴ്സ് ബാങ്ക്(ഇ.എം.എസ്)	8687	3111
വടയാർ എസ്.സി.ബി(ഇ.എം.എസ്)	1/11	6378
വടയാർ എസ്.സി.ബി(ഇൻവെസ്റ്റ്മന്റ്)	7785	102378
കാനറാ ബാങ്ക്- എൻ.ആർ.ഇ.ജി.എസ്	22986	2579.50
കാനറാ ബാങ്ക്-	22148	321722
കാനറാ ബാങ്ക്- എം.എൻ	23242	14362
എസ്.ബി.റ്റി -പെൻഷൻ	10519	3977
നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക്	2034	2227278
നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക്	866	854996
ഫാർമേഴ്സ് ബാങ്ക്-പെൻഷൻ	171	190463.55
ജില്ലാ സഹകരണ ബാങ്ക്- സാക്ഷരത	1747	862
വിപിഎഫ്എ I		6041314
വിപിഎഫ്എ III		899474
വിപിഎഫ്എ II(a)		41784
വിപിഎഫ്എ II(b)		1388111
വിപിഎഫ്എ II(c)		39574
വിപിഎഫ്എ IV		5285
വിപിഎഫ്എ V		515106
കൈയ്യിരിപ്പ് പണം		62164
ആകെ		16015460.05

4-2 ഓഡിറ്റ് റിക്കവറി

വർഷം/ ഖണ്ഡിക	വരവ് നഷ്ടം	ചെലവ് നഷ്ടം	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ/ തീയതി	ഏത് ഫണ്ടിൽ തിരിച്ചടച്ചു
2010-11	1148		മാനേജർ, നൈസ് മൂവീസ്	11305500054/3.10.13	പഞ്ചായത്ത് ഫണ്ട്
2010-11	917		മാനേജർ, പ്രഭു മൂവീസ്	11305102942/11.10.13	പഞ്ചായത്ത് ഫണ്ട്
2002-03 ഖണ്ഡിക 19		360	സോമൻ, തൈക്കാടിമ്യാതിൽ	11305104596/13.2.14	പഞ്ചായത്ത് ഫണ്ട്
2002-03 ഖണ്ഡിക 19		115	ജോർജ് ജോസഫ്, വെള്ളാട്ടിൽ	11305104636/13.2.14	
2002-03 ഖണ്ഡിക 19		135	ജോർജ് ജോസഫ്, വെള്ളാട്ടിൽ	11305104764/19.2.14	
2007-08 ഖണ്ഡിക 3(2)		660		11305104093/4.1.2014	
ആകെ	2065	1270			
	3335				

4-3 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	58318413
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	57600893

വരവിനങ്ങളിലുള്ള നഷ്ടം	151871
ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	3392909

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2.2	31891 (9233 + 22658)		ശ്രീ. രാജേഷ് ടി. വർഗീസ്, സെക്രട്ടറി
2.5	105000		ശ്രീ. രാജേഷ് ടി. വർഗീസ്, സെക്രട്ടറി. ശ്രീ. വി.ബി.ബിബിൻ, സീനിയർ ക്ലർക്ക്
2.9	14980		ശ്രീ. രാജേഷ് ടി. വർഗീസ്, സെക്രട്ടറി. ശ്രീ. വി.ബി.ബിബിൻ, സീനിയർ ക്ലർക്ക്
ആകെ	151871		

സി) തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തടസ്സപ്പെടുത്തിയ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3.4	3392909	ശ്രീ. രാജേഷ് ടി. വർഗീസ്, സെക്രട്ടറി

ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നമ്പർ : 2.9

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക വിലാസം	സ്ഥിരം വിലാസം
ശ്രീ. രാജേഷ് ടി. വർഗീസ്	സെക്രട്ടറി, തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്	തെക്കേപ്പറമ്പിൽ, ഇലഞ്ഞി പി.ഒ.
ശ്രീ. വി.ബി. ബിബിൻ	സിനിയർ ക്ലർക്ക്	വടക്കേത്തറ, ടി.വി.പുരം, വൈക്കം 686606

ജി) ഓഡിറ്റ് സംഗ്രഹം

ഓഡിറ്റിന്റെ ഭാഗമായി 10.6.15ൽ പഞ്ചായത്ത് ജന പ്രധിനിധികളുടെയും പഞ്ചായത്ത് സെക്രട്ടറിയുടെയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ബാച്ച് അംഗങ്ങളുടെയും സംയുക്ത ഓഡിറ്റ് എൻട്രി കോൺഫറൻസ് നടത്തുകയും,ടി കോൺഫറൻസിൽ ഓഡിറ്റ് ചെയ്യുവാനുള്ള ഫയലുകൾ ഹാജരാക്കുന്നതിനും ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിനും ബാച്ച് ലീഡർ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് ഓഡിറ്റ് സമയത്ത് നൽകിയ 27 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽ 6 എണ്ണത്തിനു മാത്രമേ മറുപടി ലഭ്യമാക്കിയുള്ളൂ

15.6.15 ന് ഗ്രാമപഞ്ചായത്തിലെ പണത്തിന്റെ വേരിഫിക്കേഷനും 20.06.2015ൽ സ്ഥല പരിശോധനയും നടത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ അവസാന ദിവസം 20.6.15 ൽ നടത്തിയ ഓഡിറ്റ് എക്സിറ്റ് കോൺഫറൻസിലെ ചർച്ചാ വിഷയങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ലഭ്യമാക്കിയ മറുപടികളും പരിഗണിച്ചാണ് ഈ റിപ്പോർട്ടിലെ ഖണ്ഡികകൾ തയ്യാറാക്കിയിരിക്കുന്നത്.

4-4 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1997-98 വരവ്	എൽ.എഫ്.കെ.പി5/1062/07/6.10.09
1998-99ചെലവ്	എൽ.എഫ്.കെ.പി5/562/അദാ/14/28.11.14
99-00ചെലവ്	എൽ.എഫ്.കെ.പി5/1006/അദാ/14/7.1.15
92-93, 93-94, 94-95, 95-96	എൽ.എഫ്.കെ.പി5/1099/07/6.10.09
98-99 വരവ്	എൽ.എഫ്.കെ.പി5/1096/07/6.10.09

99-00 വരവ്	എൽ.എഫ്.കെ.പി5/1097/07/6.10.09
പ്ളാൻ 00-01,01-02	എൽ.എഫ്.കെ.പി5/569/അദാ/14/7.1.15
00-01 വരവ്	എൽ.എഫ്.കെ.പി5/1098/07/14.9.09
01-02	എൽ.എഫ്.കെ.പി5/1082/08/9.10.09
2003-04	എൽ.എഫ്.കെ.പി 5/1084/08/26.3.10
2004-05	എൽ.എഫ്.കെ.പി5/989/09/6.12.10
2005-06	എൽ.എഫ്.കെ.പി5/354/10/14.6.11
2006-07	എൽ.എഫ്.കെ.പി1/960/അദാ1/06/11(6)/29.8.11
2007-08	എൽ.എഫ്.കെ.പി5/356/10/5.11.12
2008-09	എൽ.എഫ്.കെ.പി9/871/11/13.6.12
2009-10	എൽ.എഫ്.കെ.പി9/872/11/8.11.12
2010-11 & 2011-12	എൽ.എഫ്.കെ.പി9/920/13/3.2.14
2012-13	എൽ.എഫ്.കെ.പി9/585/14/21.4.15

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4-5 ചാർജ് / സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

എ) ചാർജ് / സർചാർജ് നോട്ടിസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം

ഇല്ല

ബി) ചാർജ് / സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ / ഈടാക്കിയ തുകയുടെ വിവരം

ഇല്ല

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തലയോലപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2013-14ലെ വാർഷിക ധനകാര്യപത്രിക ഞാൻ പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 4.1 ൽ വിവരിക്കുന്ന അപാകതകൾ ഒഴിച്ചാൽ വാർഷികധനകാര്യസ്റ്റേറ്റ്മന്റ് തലയോലപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2013-14വർഷത്തെ വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നതായി അഭിപ്രായപ്പെടുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 ഉം അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ലോക്കൽ ഫണ്ട് ഓഡിറ്റ്

ജില്ലാ ഓഫീസ്, കോട്ടയം